പരിഗണിച്ച് അമ്മയുടെ ജാതിയുംകൂടി കുട്ടികൾക്ക് ആനുകൂല്യങ്ങൾ നൽകുന്ന കാര്യത്തിൽ പരിഗണിക്കേണ്ടതാണെന്ന പരാമർശം ഉണ്ടായി. ഈ പരാമർശം അടങ്ങിയ വിധി സുപ്രീംകോടതി താൽക്കാലികമായി റദ്ദാക്കിയിരിക്കുകയാണ്. എങ്കിൽപ്പോലും അമ്മയുടെ ജാതിയും ജീവിത സാഹചര്യവും കൂടി പരിഗണിച്ച് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യത്തിൽ എന്ത് ചെയ്യാൻ കഴിയുമെന്ന് ആലോചിച്ച് എത്രയും പെട്ടെന്ന് ഇക്കാര്യത്തിൽ അനുകൂലമായ നടപടി ഉണ്ടാകുമെന്ന് അറിയിക്കുവാൻ ഞാൻ ഈ സമയം ഉപയോഗിക്കുകയാണ്.

(9) കഴക്കൂട്ടം റെയിൽവേ ലൈൻ വൈദ്യുതീകരണത്തിനായി ടെക്നോപാർക്ക് സബ് സ്റ്റേഷനിൽനിന്നും ലൈൻ വലിക്കുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. എം. എ. വാഹീദ്: സർ, കഴക്കൂട്ടം റെയിൽവേ ലൈൻ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് ടെക്നോപാർക്ക് സബ്സ്റ്റേഷനിൽനിന്നും 110 കെ.വി. ഓവർ ഹെഡ് ലൈൻ വലിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ നടന്നുവരുകയാണ്. ഈ ലൈൻ കടന്നു പോകുന്നത് പുതിയതായി നിർമ്മിക്കാൻ പോകുന്ന ട്രിഡാ ബസ് സ്റ്റേഷന്റെ മുകളിൽക്കൂടിയും ഒരു ആശുപത്രിയുടെ മുകളിൽക്കൂടിയും അവിടത്തെ ജനനിബിഡമായ പ്രദേശത്തുകൂടിയുമാണ്. കേവലം 700 മീറ്റർ നീളം മാത്രമാണ് ഈ ലൈനിന് ഉള്ളത്. പക്ഷേ 1800 മീറ്റർ നീളമുള്ള എറണാകുളത്തെ ഇതേപോലുള്ള ലൈൻ അവിടെ കേബിൾ ആക്കിയിരിക്കുകയാണ്. കേബിൾ ഇടുകയാണെങ്കിൽ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കാൻ കഴിയും. അതുപോലെ റെയിൽവേയുടെ വൈദ്യുതീകരണവും നടക്കണം. റെയിൽവേയാണ് ഇതിന് പണമടയ്ക്കേണ്ടത്. റെയിൽവേയുമായി ബന്ധപ്പെട്ട് ഇത് കേബിൾ ലൈനാക്കി മാറ്റി ആ പ്രദേശത്തെ ജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കണം. ഒരു ആശുപത്രിയുടെയും ഒരു ബസ് സ്റ്റേഷന്റെയും, ബൈപാസിൽ 200 മീറ്ററോളം സ്ഥലത്തിന് മുകളിൽകൂടിയുമാണ് ഈ ലൈൻ കടന്നുപോകുന്നത്. അത് കഴിഞ്ഞ് മെയിൻ റോഡുണ്ട്. ആ മെയിൻ റോഡും കടന്നാണ് ഓവർഹെഡ് ലൈൻ പോകുന്നത്. അതുകൊണ്ട് ഇത് ഒഴിവാക്കണമെന്നുള്ള നാട്ടുകാരുടെ ആവശ്യം ബഹുമാനപ്പെട്ട സർക്കാർ പരിഗണിക്കണം എന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത് എറണാകുളം-തിരുവനന്തപുരം റെയിൽവേ വൈദ്യുതീകരണത്തിനുവേണ്ടി ഒരു ലൈൻ എക്സ്റ്റൻഷൻ വേണമെന്നാണ്. കഴക്കൂട്ടത്ത് 110 കെ.വി. സബ് സ്റ്റേഷനിൽ നിന്നും 800 മീറ്റർ സിംഗിൾ സർക്യൂട്ട് ലൈൻ വലിക്കുവാനുള്ള റൂട്ട് 18-6-2003-ൽ ബോർഡ് നിശ്ചയിച്ചു. അതിനെതിരെ ഹൈക്കോടതിയിൽ കേസ് വന്നുവെങ്കിലും ഹൈക്കോടതി അത് തള്ളി. നമ്മുടെ ടെലിഗ്രാഫിക് ആക്ട് അനുസരിച്ച് എ.ഡി.എം. ആണ് ഇത് തീരുമാനിക്കേണ്ടത്. ഇത് ജുഡീഷ്യൽ ഫംങ്ഷൻസാണ്. അങ്ങനെ എ.ഡി.എം.-ന്റെ അടുത്ത് പെറ്റീഷൻ വന്നു,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എ.ഡി.എം. ഇതിനെക്കുറിച്ച് പരിശോധിച്ച് റൂട്ട് വളരെ ചുരുക്കി ജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ പരമാവധി ഒഴിവാക്കി ഒരു ഒ.എച്ച്. ലൈൻ വലിക്കുവാനുള്ള ഓർഡർ ഇട്ടു. നാഷണൽ ഹൈവേയുടെ ബൈപാസും നമ്മുടെ മറ്റ് റെയിൽവേ റോഡുകളുമെല്ലാം കൂടിയിട്ടുള്ള സ്ഥലങ്ങളിൽക്കൂടി പരമാവധി ജനങ്ങൾക്ക് തടസ്സം ഒഴിവാക്കുന്ന രൂപത്തിലാണ് എ.ഡി.എം. ഓർഡർ ഇട്ടത്. അതിനുശേഷം ചില ആളുകൾ അവരുടെ മരം മുറിക്കാൻ പാടില്ല എന്നുപറഞ്ഞ് ഹൈക്കോടതിയിൽ കേസ് കൊടുത്തു. ആ കേസും എ.ഡി.എം.-ന് വിട്ടിരിക്കുകയാണ്. ഇതൊരു ജുഡീഷ്യൽ ഫംങ്ഷനാണെന്ന് ഞാൻ പറഞ്ഞു. അതുകൊണ്ട് എ.ഡി.എം. ആണ് ഇക്കാര്യത്തിൽ ടെലിഗ്രാഫിക് ആക്ട് അനുസരിച്ച് ഒരു തീരുമാനമെടുക്കേണ്ടത്. അണ്ടർ ഗ്രൗണ്ട് കേബിൾ ഇടുകയാണെങ്കിൽ 7 കോടിയിൽപ്പരം രൂപയുടെ ചെലവ് വരുമെന്നാണ് റെയിൽവേ കണക്കാക്കിയിട്ടുള്ളത്. ഇക്കാര്യം അവർ എ.ഡി.എം.-നെ അറിയിച്ചു എന്നാണ് ബോർഡ് മനസ്സിലാക്കുന്നത്. അവസാന തീരുമാനം എടുക്കേണ്ടത് എ.ഡി.എം. ആണ്. അവിടെ ഇപ്പോഴുള്ള തടസ്സം ഈ മരം മുറിക്കുന്നതാണ്. ഈ സബ് സ്റ്റേഷന്റെ ലൈൻ എക്സ്റ്റൻഷൻ അടിയന്തിരമായി നടത്തിയില്ലെങ്കിൽ തിരുവന്തപുരം-എറണാകുളം റൂട്ട് ഇലക്ട്രിഫൈ ചെയ്യാൻ പ്രയാസമുണ്ടാകും. അതേയവസരത്തിൽ ആ പ്രദേശത്തെ ആളുകൾക്ക് പരമാവധി പ്രയാസം ഇല്ലാത്ത രൂപത്തിൽ ചെയ്യാനും ബോർഡ് തയ്യാറാകും. ഇതിന് ഏഴ് കോടിയിൽപ്പരം രൂപ ചെലവുവരും. റെയിൽവേ പണം അടയ്ക്കുകയാണെങ്കിൽ ബോർഡിന് അത് മാറ്റിക്കൊണ്ടുപോകുന്ന കാര്യത്തിൽ പ്രയാസമില്ല.

(10) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ മുക്കത്ത് ഓഫീസ് കോംപ്ലക്സ് നിർമ്മാണം

ശ്രീ. യു. സി. രാമൻ: സർ, കുന്ദമംഗലം നിയോജകമണ്ഡലത്തിലെ മുക്കം പഞ്ചായത്തിൽ 18-ഓളം സർക്കാർ ഓഫീസുകൾ ഉണ്ട്. ആ ഓഫീസുകളെല്ലാം ഇന്ന് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അഗസ്ത്യാർമൂഴിയിൽ പി.ഡബ്ലിയു.ഡി.-യുടെ അധീനതയിലുള്ള സ്ഥലത്ത് മിനി സിവിൽ സ്റ്റേഷനും ഓഫീസ് കോംപ്ലക്സും നിർമ്മിക്കണമെന്ന് ആവശ്യപ്പെടാൻ തുടങ്ങിയിട്ട് വളരെ നാളുകളായി. ഇവിടെയുള്ള ഫയർ സ്റ്റേഷൻ, അഗ്രിക്കൾച്ചറൽ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, കൃഷി ഓഫീസ്, ക്ഷീര വികസന ഓഫീസ്, വെറ്ററിനറി ഹോസ്പിറ്റൽ, കെ.എസ്.ഇ.ബി.-യുടെ സെക്ഷൻ ഓഫീസ്, സബ് രജിസ്ട്രാർ ആഫീസ് ഈ സർക്കാർ വന്നതിനു ശേഷം പുതുതായി അവിടെ ആരംഭിച്ച മുക്കം വിദ്യാഭ്യാസ ഉപജില്ലാ ഓഫീസ്, കെ.എസ്.ഇ.ബി.-യുടെ ഓഫീസ്, കഴിഞ്ഞ ബജറ്റ് പ്രഖ്യാപനത്തിനുശേഷം വന്നിരിക്കുന്ന മുക്കം ട്രഷറി ഇതൊക്കെ ഇന്ന് പ്രവർത്തിക്കുന്നത് വാടകക്കെട്ടിടത്തിലാണ്. അവിടെ മിനി സിവിൽസ്റ്റേഷൻ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ട്. അത് എ.എസ്.-നുവേണ്ടി കാത്തിരിക്കുകയാണ്. എത്രയും പെട്ടെന്ന് മുക്കം മിനി സിവിൽ സ്റ്റേഷൻ ഒരു യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ പ്രഖ്യാപനം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.